## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 50 — 11.06.2013-ൽ മറുപടിയ്ക്ക്

### നികുതി വെട്ടിപ്പുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി.ഇ.എസ്.ബിജിമോൾ<br>ശ്രീ.വി.എസ്.സുനിൽകുമാർ<br>ശ്രീ.വി.ശശി<br>ശ്രീ.ഇ.ചന്ദ്രശേഖരൻ | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | നികുതിവെട്ടിപ്പുകൾ സംബന്ധിച്ചുള്ള എത്ര അന്വേഷണങ്ങൾ ധനകാര്യ വകുപ്പ് വഴി ഇപ്പോൾ നടന്നുവരുന്നുണ്ട് ; ഇവയിലെല്ലാംകൂടി എത്ര കോടിയുടെ നികുതി വെട്ടിപ്പ് നടന്നിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; | (എ) | നികുതി വെട്ടിപ്പ് സംബന്ധിച്ച അന്വേഷണങ്ങളൊന്നും ധനകാര്യ (പരിശോധനാ വിഭാഗം) വകുപ്പ് വഴി നടത്തി വരുന്നില്ല. |
| (ബി) | നികുതിവെട്ടിപ്പുകൾ കണ്ടുപിടിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാം ; | (ബി) | നികുതി വെട്ടിപ്പ് കണ്ടെത്തുന്നതിന് വാണിജ്യ നികുതി വകുപ്പിൽ മൂന്ന് ഡെപ്യൂട്ടി കമ്മീഷണർമാരുടെയും പതിനഞ്ച് ഐ.എ.സി (ഐ) മാരുടേയും നേതൃത്വത്തിൽ വിപുലമായ ഒരു സ്ഥിരം ഇന്റലിജൻസ് സംവിധാനമുണ്ട്. ഇവർ വാഹന പരിശോധന, റിട്ടേൺസ്, കട പരിശോധന എന്നിവ നടത്തുന്നു. കൂടാതെ ചെക്ക്പോസ്റ്റുരേഖകൾ അന്തർ സംസ്ഥാന അന്വേഷണങ്ങൾ എന്നിവ അടിസ്ഥാനമാക്കി നികുതി വെട്ടിപ്പ് കണ്ടെത്തുന്നു. ഇതിനുപുറമേ ഇന്റേണൽ ഓഡിറ്റ് വിങ്ങ്, ഡാറ്റാ മൈനിങ്ങ് വിംഗ് തുടങ്ങിയവും ചെക്ക്പോസ്റ്റ് ഡിക്ലറേഷൻ തുടങ്ങിയവയിൽ നിന്നുള്ള വിവിധ വിശദാംശങ്ങൾ ഉപയോഗിച്ച് പരിശോധന |

| | | | |
|---|---|---|---|
| | | | നടത്തി വരുന്നു. ഐ.ബി വിംഗ് കസ്റ്റംസ് മുതലായവയിൽ നിന്നുള്ള വിശദാംശങ്ങളുടെ അടിസ്ഥാനത്തിലും നികുതി വെട്ടിപ്പ് കണ്ടെത്തുന്നു. ഇതു കൂടാതെ നികുതി നിർണ്ണയാധികാരികൾ വ്യാപാരികൾ സമർപ്പിക്കുന്ന റിട്ടേണുകൾ മറ്റ് സ്റ്റേറ്റ്മെന്റുകൾ എന്നിവ ഒത്തുനോക്കി പൊരുത്തക്കേടുകൾ കണ്ടുപിടിച്ച് നിർണ്ണയാധികാരി അസസ്മെന്റിന് വിധേയമാക്കാറുണ്ട്. ഇന്റലിജൻസ് വിഭാഗം കൈമാറുന്ന ക്രൈംഫയലുകളും ഉപയോഗപ്പെടുത്തി വ്യാപാരികളെ പുനർ അസസ്മെന്റിന് വിധേയമാക്കാറുണ്ട്. വ്യാപാരികളുടെ കച്ചവടസ്ഥലങ്ങളിൽ അവർ നികുതി നിയമങ്ങൾ പാലിക്കുന്നുണ്ടോ എന്നും, അവർ ഫയൽ ചെയ്ത റിട്ടേണുകളുടെ സത്യാവസ്ഥ, റിട്ടേണുകളിൽ ഉൾപ്പെടുത്താത്ത ചരക്കുകൾ കച്ചവടം നടത്തുന്നുണ്ടോ എന്നും നോക്കുവാനായി ആഡിറ്റ് വിസിറ്റുകളും നടത്താറുണ്ട്. ചില വൻ നികുതി വെട്ടിപ്പ് കണ്ടെത്തുന്ന മേഖലകളിൽ, വിശിഷ്യാ കശുവണ്ടി, പ്ലൈവുഡ് തുടങ്ങിയ മേഖലകളിൽ പ്രത്യേക ടീമുകൾ രൂപീകരിച്ച് അന്തർ സംസ്ഥാന അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കാറുണ്ട്. നികുതിവരുമാനത്തിൽ പ്രധാനമായ ചരക്കുകളുടെ നികുതിവരുമാനം സദാ നിരീക്ഷണത്തിന് വിധേയമാക്കാറുണ്ട്. അസാധാരണമായ വ്യതിയാനങ്ങൾ പരിശോധിച്ച് നടപടികൾ എടുക്കാറുമുണ്ട്. |

| | | | |
|---|---|---|---|
| (സി) | കണ്ടുപിടിച്ചിട്ടുള്ള നികുതി വെട്ടിപ്പുകൾക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ? | (സി) | കണ്ടുപിടിയ്ക്കുന്ന നികുതി വെട്ടിപ്പുകൾ പരിശോധിച്ച് വാറ്റ് നിയമം, സർചാർജ് നിയമം, KGST നിയമം. AIT നിയമം, CST നിയമം എന്നിവയുടെ പ്രസ്ക്ത വകുപ്പനുസരിച്ച് പിഴ ചുമത്തുന്നു. കൂടാതെ നികുതി നിർണ്ണയാധികാരി ഈ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ ബെസ്റ്റ് ജഡ്ജ്മെന്റ് അസസ്സ്മെന്റ് നടത്തുന്നു. |

സെക്ഷൻ ഓഫീസർ